ഉത്തരം

ദേവസ്വം ബോർഡുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ക്ഷേത്രങ്ങളിൽനിന്ന് ലഭിക്കുന്ന വരുമാനംകൊണ്ട് ബോർഡുകളുടെയും ക്ഷേത്രങ്ങളുടെയും ദൈനംദിന കാര്യങ്ങൾ നടത്തി കൊണ്ടു പോകുവാൻ കഴിയുന്നുണ്ട്. എന്നാൽ, എല്ലാ ക്ഷേത്രങ്ങളുടെയും വികസന പ്രവർത്തനങ്ങൾക്ക് ഈ വരുമാനം പര്യാപ്തമല്ല.

ദേവസ്വം ബോർഡുകൾക്ക് സംസ്ഥാന ഗവൺമെന്റ് നൽകി വരുന്ന ഗ്രാന്റ്

42 [4782] ശ്രീ. ജോർജ്ജ് ജെ. മാത്യു:
.. ലൂഡി ലൂയിസ്:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
.. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ദേവസ്വം ബോർഡുകൾക്ക് ഗവൺമെന്റ് ഗ്രാന്റ് നൽകുന്നുണ്ട് എന്നും ഇവയ്ക്ക് ഗ്രാന്റ് നൽകുന്നത് എന്തടിസ്ഥാനത്തിലാണെന്നും വ്യക്തമാക്കുമോ;

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന് നൽകി വരുന്ന ഗ്രാന്റിന്റെ തുക എന്ന് നിശ്ചയിച്ചതാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഗ്രാന്റ് വർദ്ധിപ്പിക്കണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ ഗ്രാന്റ് വർദ്ധിപ്പിക്കാനുദ്ദേശ്യമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) മറ്റേതെങ്കിലും മതങ്ങളുടെ ആരാധനാ സ്ഥാപനങ്ങൾക്കോ അവിടത്തെ ജീവനക്കാർക്കോവേണ്ടി ഗവൺമെന്റിൽനിന്നും ഗ്രാന്റ് കൊടുക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഗ്രാന്റ് തുക എത്ര; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്, കവനന്റിന്റേയും ഇൻഡ്യൻ ഭരണ ഘടനയുടെ ആർട്ടിക്കിൾ 290 എ-യുടേയും അടിസ്ഥാനത്തിൽ 46.5 ലക്ഷം രൂപ കോൺട്രിബ്യൂഷനായി നൽകുന്നുണ്ട്. ഇതിൽ 6 ലക്ഷം രൂപ ശ്രീപദ്മനാഭസ്വാമി ക്ഷേത്ര ത്തിനുള്ളതാണ്. ഇത് വർദ്ധിപ്പിക്കണമെന്ന ആവശ്യത്തിൻമേൽ തീരുമാനമെടുക്കുന്നതു വരെ സ്പെഷ്യൽ ഗ്രാന്റായി തിരുവിതാംകൂർ ദേവസ്വം ബോർഡിന് 15 ലക്ഷം രൂപയും നൽകുന്നുണ്ട്.

(ബി) കോൺട്രിബ്യൂഷൻ തുകയായ 46.5 ലക്ഷം രൂപ 1949-ലും സ്പെഷ്യൽ ഗ്രാന്റായ 15 ലക്ഷം രൂപ 1995-ലുമാണ് നിശ്ചയിച്ചത്.

(സി) ഉണ്ട്. ഇക്കാര്യം പരിഗണനയിലാണ്.

(ഡി, ഇ) ദേവസ്വം വകുപ്പിൽനിന്നും നൽകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly